# കേരള കാർഷിക സർവ്വകലാശാല

മെയിൻ ക്യാമ്പസ്, വെള്ളാനിക്കര, തൃശ്ശൂർ

നമ്പർ കെ.എ.യു.ജി.എ/2388/2023/ ജി.എ-ജി1 തിയ്യതി: 05.09.2023

## വിജ്ഞാപനം

വിഷയം : കേരള കാർഷിക സർവ്വകലാശാല - ജനറൽ കൗൺസിൽ-സ്ഥിരം തൊഴിലാളികളുടെ മണ്ഡലത്തിൽ നിന്നുള്ള തിരഞ്ഞെടുപ്പ് - തിരഞ്ഞെടുപ്പ് ഏജന്റ്, പോളിംഗ് ഏജന്റ് നിയമനം- സംബന്ധിച്ച്.

സൂചന : 1) 09.08.2023 തിയ്യതിയിലെ കെ.എ.യു.ജി.എ/736/2023/ജി.എ-ജി1 നമ്പർ വിജ്ഞാപനം.
2) 25.08.2023 തിയ്യതിയിലെ കെ.എ.യു.ജി.എ/2150/2023/ജി.എ-ജി1 നമ്പർ വിജ്ഞാപനം.

************

കേരള കാർഷിക സർവ്വകലാശാല ജനറൽ കൗൺസിലിലേയ്ക്ക് സർവകലാശാലയിലെ സ്ഥിരം തൊഴിലാളികളിൽ നിന്നുള്ള തിരഞ്ഞെടുപ്പ് 14.09.2023 ന് സർവ്വകലാശാലയുടെ കീഴിലുള്ള വിവിധ കേന്ദ്രങ്ങളിൽ നിശ്ചയിച്ചിട്ടുള്ള പോളിംഗ് സ്റ്റേഷനുകളിൽ വെച്ച് നടത്തുന്നതാണ്.

തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട സ്റ്റാറ്റ്യൂട്ടിലെ ചട്ടം എസ്.ആർ.ഒ നമ്പർ 678/74 ലെ വകുപ്പ് 2(6) പ്രകാരം സ്ഥാനാർത്ഥിയുടെ പൊതുതിരഞ്ഞെടുപ്പ് കാര്യങ്ങൾ നോക്കുന്നതിന് സ്ഥാനാർത്ഥി രേഖാമൂലം നിയമിച്ചതും, റിട്ടേണിംഗ് ഓഫിസർ അംഗീകരിച്ചതുമായ സ്ഥാനാർത്ഥിയുടെ പ്രതിനിധിയാണ് തിരഞ്ഞെടുപ്പ് ഏജന്റ്. തിരഞ്ഞെടുപ്പ് ഏജന്റിന് പോളിംഗ് സ്റ്റേഷനുകളിലും, വോട്ടെണ്ണൽ കേന്ദ്രങ്ങളിലും സ്ഥാനാർത്ഥിക്കു വേണ്ടി ഹാജരാകുന്നതിന് സ്വാതന്ത്ര്യമുണ്ടാകുന്നതാണ്.

പ്രസ്തുത ചട്ടത്തിലെ വകുപ്പ് 2(8) പ്രകാരം സ്ഥാനാർത്ഥി രേഖാമൂലം നിയമിച്ചതും, റിട്ടേണിംഗ് ഓഫിസർ അംഗീകരിച്ചതുമായ സ്ഥാനാർത്ഥിയുടെ പ്രതിനിധിയാണ് പോളിംഗ് ഏജന്റ്. പോളിംഗ് ഏജന്റിന് സ്ഥാനാർത്ഥിക്കു വേണ്ടി പോളിംഗ് സ്റ്റേഷനിൽ ഹാജരാകാവുന്നതാണ്.

പ്രസ്തുത ചട്ടത്തിലെ വകുപ്പ് 49 അനുസരിച്ച് ഒരു സ്ഥാനാർത്ഥിക്ക് ഒരു തിരഞ്ഞെടുപ്പ് ഏജന്റിനേയും, ഒരു പോളിംഗ് സ്റ്റേഷനിലേയ്ക്ക് പരമാവധി 3 പോളിംഗ് ഏജന്റിനേയും റിട്ടേണിംഗ് ഓഫീസറുടെ അംഗീകാരത്തോടെ നിയമിക്കാം. എന്നാൽ ഒരു പോളിംഗ് കേന്ദ്രത്തിൽ ഒരേ സമയം ഒരു സ്ഥാനാർത്ഥിയുടെ ഒന്നിൽ കൂടുതൽ പോളിംഗ് ഏജന്റുമാർ ഹാജരുണ്ടാകാൻ പാടുള്ളതല്ല.

തിരഞ്ഞെടുപ്പ് ഏജന്റ്, പോളിംഗ് ഏജന്റ് എന്നിവരെ നിയമിക്കാൻ ആഗ്രഹിക്കുന്ന സ്ഥാനാർത്ഥികൾ തിരഞ്ഞെടുപ്പ് ഏജന്റ് (പേര്, ഒപ്പ്, ഇലക്ടറൽ റോൾ നമ്പർ) പോളിംഗ് ഏജന്റ് (പേര്, ഇലക്ടറൽറോൾ നമ്പർ , നിയമിക്കുന്ന പോളിംഗ് സ്റ്റേഷന്റെ പേര്) എന്നിവരെ നിയമിച്ചു കൊണ്ടുള്ള സ്ഥാനാർത്ഥിയുടെ ഒപ്പോടു കൂടിയ നിയമന കത്ത് നേരിട്ടോ/ സ്കാൻ ചെയ്തോ റിട്ടേണിംഗ് ഓഫീസർക്ക് 8.09.2023 തിയ്യതി വൈകുന്നേരം 4 മണിക്ക് മുൻപായി registrar@kau.in എന്ന മെയിലിലേയ്ക്ക് ലഭ്യമാക്കേണ്ടതാണ്. നിയ്മന കത്തിന്റെ പകർപ്പ് gcec@kau.in എന്ന മെയിലിലേയ്ക്കു കൂടി അയയ്ക്കേണ്ടതാണ്. നിശ്ചിത സമയത്തിനു ശേഷം ലഭിക്കുന്ന നിയമന കത്തുകൾ പരിഗണിക്കുന്നതല്ല.

അസിസ്റ്റന്റ് റിട്ടേണിംഗ് ഓഫീസർ & ജോയിന്റ് രജിസ്ട്രാർ (ഭരണം)

**സ്വീകർത്താവ്**

1. സ്ഥാനാർത്ഥികൾ ( ജനറൽ കൗൺസിൽ തിരഞ്ഞെടുപ്പ് - സ്ഥിരം തൊഴിലാളികളുടെ മണ്ഡലം )
2. ഡയറക്ടർ , ഡി.ഐ.എസ് (വിജ്ഞാപനം സർവ്വകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)

**പകർപ്പ്** : വി.സിയുടെ സെക്രട്ടറി / വി.സിയുടെ പി.എ/ രജിസ്ട്രാറുടെ പി.എ/ ജോയിന്റ് രജിസ്ട്രാർ ( ഭരണം ), ഡെപ്യൂട്ടി രജിസ്ട്രാർ ( ഭരണം), അസിസ്റ്റന്റ് രജിസ്ട്രാർ (ഭരണം I)/ അസിസ്റ്റന്റ് രജിസ്ട്രാർ (ഭരണം II)/ അസിസ്റ്റന്റ് രജിസ്ട്രാർ (ജി.സി/ഇ.സി/ലീഗൽ &ആർ.ടി.ഐ) /സെക്ഷൻ ഓഫീസർ (ജി.എ-ജി) /കരുതൽ ശേഖരം / മിച്ചം.